താരതമ്യേന കുറവായ കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് തുടങ്ങിയ ജില്ലകളിലൊഴികെ ബാക്കി എല്ലാ ജില്ലകളിലും കൗൺസിലിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ട്. എല്ലാ പ്രവർത്തനങ്ങളും ഏറ്റവും ഫലപ്രദമായി നടക്കുന്ന ജില്ല പാലക്കാടാണ്.

(ബി) കൗൺസിലിന്റെ കീഴിൽ 8048 സ്വാശ്രയ സംഘങ്ങളിലായി 1,55,257 രജിസ്റ്റേർഡ് കൃഷിക്കാരുണ്ട്. 2011-12 സാമ്പത്തികവർഷം 301200 ടൺ പച്ചക്കറിയും 526320 ടൺ കായയും ഉല്പാദിപ്പിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ ഒന്നായ ആനയറ വിപണിയിൽ പഴം പച്ചക്കറി കാർഷിക ഉൽപന്നങ്ങൾ എന്നിവ കേടുകൂടാതെ സംഭരിക്കുന്നതിന് ഉതകുന്നവിധത്തിലുള്ള ശീതീകരണശാലയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇത് മറ്റ് വിപണികളിലും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ കർഷകർക്ക് അവരുടെ പഴം പച്ചക്കറി ഉല്പന്നങ്ങൾ കേടുകൂടാതെ സംഭരിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കിയിൽ തോപ്രാംകുടിയിലും പാലക്കാട് എലവഞ്ചേരിയിലും ഓരോ ശീതീകരണ സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വി.എഫ്.പി.സി.കെ. സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് ഹോർട്ടികോർപ്പിന്റെ 98 ഹരിത സ്റ്റാളുകളിലൂടെയും സപ്ലൈകോയുമായി ചേർന്ന് 32 ഹരിത വെജിറ്റബിൾ കോർണർ വഴിയും വിറ്റഴിച്ച് വരുന്നുണ്ട്. കൂടാതെ കൺസ്യൂമർഫെഡുമായി സഹകരിച്ച് 50 വെജിറ്റബിൾ കോർണറിലൂടെയും പഴം പച്ചക്കറികൾ ഉപഭോക്താക്കളിൽ എത്തിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ സഞ്ചരിക്കുന്ന പച്ചക്കറി വില്പനശാലയിലൂടെയും പഴം പച്ചക്കറികൾ വിറ്റുവരുന്നു.

ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം വിപണികളുടെ അടിസ്ഥാന സൗകര്യവികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി, ഹോർട്ടിക്കൾച്ചർ ഉല്പന്നങ്ങൾ എന്നിവ വിറ്റഴിക്കുന്നതിനും കേടുകൂടാതെ സംഭരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്.

### ക്ഷീരോല്പാദന കേന്ദ്രങ്ങൾക്ക് ധനകാര്യ സ്ഥാപനം

6 (*126) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരോല്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി ഒരു പുതിയ ധനകാര്യ സ്ഥാപനം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് ഇതിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്ന കാര്യം ആലോചിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) സംസ്ഥാനത്തെ ക്ഷീരോല്പദാനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കാനും, സംസ്ഥാനത്ത് പാലിന് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരോൽപാദക കേന്ദ്രങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൂടാതെ, ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് പ്രകാരം പാലിന്റെ ഗുണനിലവാരം നിലനിർത്തുന്നതിന് ഉല്പാദന കേന്ദ്രങ്ങളെ സഹായിക്കേണ്ടതും അനിവാര്യമാണ്. ക്ഷീരോൽപാദന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി, കാലിത്തീറ്റ സബ്സിഡി, എം.എസ്.ഡി.പി. പദ്ധതി, ആർ.കെ.വി.വൈ. തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ മിൽമ വഴി കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികളും കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക് സൗജന്യതീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും നടപ്പാക്കിവരുന്നുണ്ട്.

(ബി & സി) ക്ഷീരകർഷകരുടെ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനായി ഒരു ധനകാര്യ സ്ഥാപനം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

**മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ**

7 (*127) ശ്രീ. എസ്. ശർമ്മ :
ശ്രീ. എളമരം കരീം :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലപൂർവ്വ ശുചീകരണം സംബന്ധിച്ച് ശുചിത്വമിഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു ;

(ബി) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly